നം. ബി1./21650/റ്റി സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
കേരള, തിരുവനന്തപുരം,
തീയതി 16.12.2011

പ്രേക്ഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം : - മോട്ടോർ വാഹന വകുപ്പ് - മറ്റ് സംസ്ഥനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എസ്കവേറ്റർ മുതലായ വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് ഉപയോഗിക്കുന്നതു സംബന്ധിച്ച്

സൂചന :- ബഹു: മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും ലഭിച്ചിട്ടുള്ള ടിപ്പർ ലോറി, എർത്ത് മൂവിംഗ് എക്യുപ്മെന്റ് ഓണേഴ്സ് & ഓപ്പറേറ്റേഴ്സ് വെൽഫെയർ അസ്സോസിയേഷൻ, കോഴിക്കോട് സമർപ്പിച്ചിട്ടുള്ള അപേക്ഷ.

അന്യസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക,പോണ്ടിച്ചേരി എന്നിവടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എസ്കവേറ്റർ മുതലായ കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വാഹനങ്ങൾ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നതായാണ് സൂചനപ്രകാരം ആരോപിക്കുന്നത്. മാത്രമല്ല ഇത്തരം വാഹനങ്ങളിൽ രജിസ്ട്രേഷൻ നമ്പർ പോലും പ്രദർശിപ്പിക്കാറില്ല എന്നും ആരോപിച്ചിട്ടുണ്ട്. ഇത്തരത്തിൽ അന്യസംസ്ഥാന വാഹനങ്ങൾ സംസ്ഥാനത്ത് സർവ്വീസ് നടത്തുന്നത് മോട്ടോർ വാഹന നിയമങ്ങളുടെയും ചട്ടങ്ങളുടെയും നഗ്നമായ ലംഘനമാണ്. ആയതിനാൽ ഇത്തരം അനധികൃത വാഹനങ്ങൾ പിടിച്ചെടുക്കേണ്ടതും കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമം അനുശാസിക്കുന്ന തരത്തിലുള്ള ടാക്സ് ഈടാക്കേണ്ടതും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്.